## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3121**

**23.03.2015 - ൽ മറുപടിക്ക്**

### വിത്തു തേങ്ങയുടെ വില കർഷകർക്ക് യഥാസമയം ലഭ്യമാക്കൽ

**ചോദ്യം**
**ശ്രീ. ഇ. കെ. വിജയൻ**

**മറുപടി**
**ശ്രീ. കെ. പി. മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി |
|---|---|---|
| എ) കർഷകരിൽ നിന്നും കൃഷി വകുപ്പ് സംഭരിക്കുന്ന വിത്തു തേങ്ങയുടെ വില നിശ്ചയിച്ചു നൽകിയിട്ടുണ്ടോ; വിശദാംശം നല്കാമോ;<br><br>ബി) വിത്തു തേങ്ങയുടെ വില കർഷകർക്ക് യഥാസമയം ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | എ) & ബി) | 2014-15 വർഷത്തെ വിത്തുതേങ്ങയുടെ സംഭരണവില നിശ്ചയിച്ചിട്ടില്ല. 2014-15 ലെ വിത്തു തേങ്ങാ സംഭരണ വില നിശ്ചയിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ അടിയന്തിര പരിഗണനയിലാണ്. 2014-15 വർഷത്തിൽ വിത്തുതേങ്ങാ സംഭരണം 2015 ജനുവരി മുതലാണ് ആരംഭിച്ചത്. സർക്കാർ നിശ്ചയിക്കുന്ന വിലയുടെ അടിസ്ഥാനത്തിൽ കർഷകർക്ക് ലഭിക്കേണ്ട അർഹമായ തുക അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് e-payment മുഖേനയാണ് നൽകുന്നത്. |

**സെക്ഷൻ ഓഫീസർ**